(ബി) ഉണ്ടെങ്കിൽ എത്ര തുക അതിനുവേണ്ടി ചെലവായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ,ബി) പ്രത്യേകമായി ചെലവൊന്നും ഉണ്ടായിട്ടില്ല.

മാർപ്പാപ്പയുടെ കേരള സന്ദർശനം

323 [353] ശ്രീ. സി. കെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാർപ്പാപ്പയുടെ കേരള സന്ദർശനത്തിന് സംസ്ഥാന സർക്കാരിന് എന്തെങ്കിലും ചെലവായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര രൂപ?

ഉത്തരം

(എ) ഉണ്ട്.

(ബി) രാഷ്ട്രത്തലവൻ എന്ന നിലയിൽ വരുന്ന ചിലവുകൾ മാത്രമാണ് ചിലവഴിച്ചിട്ടുള്ളത്. വിശദ വിവരം ശേഖരിച്ചുവരുന്നു.

പുനർനിയമനം ലഭിച്ച പെൻഷൻ പറ്റിയ ഗസറ്റഡ് ഓഫീസർമാർ

324 [355] ശ്രീ. വി. വി. ജോസഫ്:
,, ഇ. ജെ. ലൂക്കോസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് പെൻഷൻ പറ്റിയ എത്ര ഗസറ്റഡ് ഓഫീസർമാർക്ക് സർക്കാർ സർവീസിലും പൊതുമേഖല സ്ഥാപനങ്ങളിലും പുനർനിയമനം ലഭിച്ചിട്ടുണ്ട്;

(ബി) ഇപ്രകാരം പുനർനിയമനം നടത്തുന്നതിനുള്ള കാരണമെന്ത്?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) സാങ്കേതിക പരിജ്ഞാനം, പരിചയ സമ്പന്നത, പകരം ആളുകളെ ലഭിക്കാനുള്ള ബുദ്ധിമുട്ട് ഇവയാണ് ഇപ്രകാരം പുനർനിയമനം നടത്തുന്നതിനുള്ള കാരണങ്ങൾ.

അഴിമതി നിരോധന കമ്മീഷന്റെ റിപ്പോർട്ടുകൾ

325 [356] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

അഴിമതി നിരോധന കമ്മീഷൻ കഴിഞ്ഞ വർഷവും ഈ വർഷവും ഗവർണ്ണർക്കു നൽകിയ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ നടപ്പിലാക്കാൻ ഈ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly